# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/472 /22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 03/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.(എയിംസിൽ)

2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കണ്ണൂർ ജില്ല.(ഇ-മെയിൽ വഴി)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/472 /22 തീയ്യതി: 03/06/2022

## കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-07-2020 മുതൽ 06-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 21-07-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 23-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2022 | 23-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ.എം,ഓഡിറ്റ് ഓഫീസർ
ശ്രീ.ഷഹീൻ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിജു.എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ.രാജീവൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.സി.പി.അനിത | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അഭിഷേക് കുറുപ്പ് | സെക്രട്ടറി | 01-04-2020 | 01-02-2021 |
| ശ്രീ.ഉണ്ണികൃഷ്ണൻ സി.(ജോയിന്റ് ബി.ഡി.ഒ) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-02-2021 | 24-02-2021 |
| ശ്രീമതി സാജിദ ടി.എസ്. | സെക്രട്ടറി | 25-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിഷ്ണു.എസ്.നായർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.നിഷാദ്.വി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 24-06-2020 |
| ശ്രീമതി.ബീന.വി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 25-06-2020 | 14-02-2021 |
| ശ്രീമതി.സ്മിത മാരാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-02-2021 | 31-03-2021 |
| ശ്രീമതി.ഷെർളി.ടി.കെ | ശിശു വികസന പ്രോജക്ട് ഓഫീസർ,തലശ്ശേരി | 01-04-2020 | 03-09-2020 |
| ശ്രീമതി.ലക്ഷ്മി കേളോത്ത് | ശിശു വികസന പ്രോജക്ട് ഓഫീസർ,തലശ്ശേരി | 04-09-2020 | 03-12-2020 |
| ശ്രീമതി.റീന കുമാരി.എ.കെ | ശിശു വികസന പ്രോജക്ട് ഓഫീസർ,തലശ്ശേരി | 04-12-2020 | 31-03-2021 |
| ശ്രീമതി.ദീപ്തി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 03-09-2020 |
| ശ്രീ.ദിലീപ് കുമാർ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 04-09-2020 | 31-03-2021 |
| ശ്രീമതി.രശ്മി പനോളി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.സതീശൻ കോടഞ്ചേരി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഷൈന വി.പി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2020 | 31-03-2021 |

ശ്രീ.അഭിഷേക് കുറുപ്പ് , ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി- ശ്രീ.വിഷ്ണു.എസ്.നായർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ.ദിലീപ് കുമാർ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരടങ്ങിയ ഭരണ നിർവഹണ സമിതിയാണ് 12-11-2020 മുതൽ 29-12-2020 വരെ ഭരണ നിർവഹണം നടത്തിയിരുന്നത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 29-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pradeep Kumar M (Audit Officer, On 01-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 01-04-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 01-04-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 01-04-2022) | 1-7 |
| 9 | വാടക ഈടാക്കൽ - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 31-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-8 |
| 10 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- തുക കൈപ്പറ്റിയതിന് ശേഷം നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: Pradeep Kumar M (Audit Officer, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-9 |
| 11 | ബ്ലോക്ക് പഞ്ചായത്തിൽ കുടിവെള്ളത്തിന് പൈപ്പ് സ്ഥാപിക്കൽ - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 31-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-10 |
| 12 | കറവ പശുക്കൾക്ക് കാലിത്തീറ്റ ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഒരേ പ്രോജക്ട് നടപ്പിലാക്കി- ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി നൽകിയോ എന്ന് പരിശോധിക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-11 |
| 13 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.<br>Written By: Shaheen.P (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-12 |
| 14 | വിവിധ ഉൽപാദന യൂണിറ്റുകൾ - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-13 |

| | | |
|---|---|---|
| 15 | വിവിധ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി - 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-14 |
| 16 | ചക്ക സംസ്കരണ യൂണിറ്റ് പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ - 6,40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-15 |
| 17 | വിവിധ ഉൽപാദന യൂണിറ്റുകൾ (വനിത) പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ - ₹ 6,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-16 |
| 18 | ഐ.കെ.എമ്മിന് പ്രവർത്തന ഫണ്ട് വകയിരുത്തൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-17 |
| 19 | കൊട്ടാരക്കര-കില സി.എച്ച്.ആർ.ഡി വനിതാ ഹോസ്റ്റലിന്റെ നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-18 |
| 20 | ബ്ലോക്ക് ആർ.ആർ.എഫ് കേന്ദ്രം - പ്രോജക്ട് പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 29-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 29-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 29-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 29-03-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 02-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 29-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 29-03-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 29-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar M (Audit Officer, On 02-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 28-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 23-03-2020തീയതിയിലെ 255/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 82,30,807 |
| വരവ് | 27,34,86,000 |
| ആകെ | 28,17,16,807 |
| ചെലവ് | 28,03,16,900 |
| നീക്കിയിരിപ്പ് | 13,99,907 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 19-05-2021 | തിരിച്ചയച്ചിട്ടില്ല | -- |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- വാടക വരവ് രജിസ്റ്റർ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല

2- വികസനഫണ്ട് ജനറൽ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,വാർഷിക ചെലവ് പത്രിക (സുലേഖ) എന്നിവ പ്രകാരം 2,68,96,193 രൂപയും വാർഷിക കണക്ക് പ്രകാരം (I-6 ഷെഡ്യൂൾ ) 2,30,50,564 രൂപയുമാണ്.

3- പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച് തൻവർഷം നീക്കിയിരിപ്പുള്ള തുക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഐ.എ.വൈ അഡീഷണൽ - 140685)

4- ബാലൻസ് ഷീറ്റ് B-4, റസീപ്റ്റ് ആന്റ് പേയ്മെന്റ് RP31 എന്നീ ഷെഡ്യൂളുകൾക്ക് അനുസൃതമായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5- ഐ.എ.വൈ അഡീഷണൽ അക്കൗണ്ട് പലിശ പ്രസ്തുത ശീർഷകത്തിൽ വരവിലെടുത്തിട്ടില്ല.

6- ആസ്തി രജിസ്റ്റർ പൂർണമല്ല

7- പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയത്തെ കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

8- അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,വാർഷിക ചെലവ് പത്രിക (സുലേഖ) എന്നിവ പ്രകാരം 45,38,191 രൂപയും വാർഷിക കണക്ക് പ്രകാരം (I-6 ഷെഡ്യൂൾ ) 35,38,191 രൂപയുമാണ്.

10 – ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

11- ക്ഷീര വികസന ഓഫീസ് നവീകരണത്തിന് ചെലവഴിച്ച 1,96,710 രൂപയുടെ ചെലവ് വാർഷിക ചെലവ് പത്രികയിൽ (സുലേഖ) ഉൾപ്പെടുത്തിയിട്ടില്ല.

12-കേന്ദ്ര, സംസ്ഥാന, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, വിവിധ ഏജൻസികൾ എന്നിവയിൽനിന്ന് ലഭിക്കുന്ന ഫണ്ടുകളുടെ തുകകളെ സാധൂകരിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ ഫണ്ടുകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.
13-ബ്ലോക്ക് പഞ്ചായത്ത് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹13558552 |
| വരവ് | ₹47952694 |
| ആകെ | ₹61511246 |
| ചെലവ് | ₹59551607 |
| നീക്കിയിരിപ്പ് | ₹1959639 |

| | |
|---|---|
| നിരാകരിച്ച തുക | ഇല്ല |
| തടസപ്പെടുത്തിയ തുക | ₹19,40,000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,10,41,797 | 3,10,41,797 | 2,68,96,193 | 41,45,604 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 28,52,000 | 28,52,000 | 25,39,091 | 312909 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3,82,000 | 3,82,000 | 56,057 | 3,25,943 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 48,53,410 | 48,53,410 | 47,35,846 | 1,17,564 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്) | | 52,20,000 | 52,20,000 | 2938685 | 2281315 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (അൺടൈഡ്) | | 52,20,000 | 52,20,000 | 45,38,191 | 681909 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ് ജെ എസ് വൈ | 1078 | 33 | 1111 | 0 | 1111 |
| ഐ.എ.വൈ (അഡീഷണൽ) | 86864 | 53821 | 140685 | 0 | 140685 |
| ഐ സി ഡി എസ് | 1902773 | 0 | 1902773 | 0 | 1902773 |
| പൈക്ക | 620906 | 19788 | 640694 | 0 | 640694 |

കേന്ദ്ര, സംസ്ഥാന, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, വിവിധന ഏജൻസികൾ എന്നിവയിൽനിന്ന് ലഭിക്കുന്ന ഫണ്ടുകളുടെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിൽ ലഭിച്ച ഫണ്ടുകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. അതിനാൽ മുഴുവൻ ഫണ്ടുകളും മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 86 | ₹6,10,24,514 | 75 | ₹4,16,09,139 | 19 | 11 | 65 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ ₹ | പദ്ധതി ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 39 | 30 | 2,49,69,572 | 1,75,24,836 | 70 |

| | | | | | |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 4 | 55,88,241 | 14,77,546 | 26 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 85,10,439 | 41,03,239 | 48 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 8 | 8 | 38,99,941 | 37,50,276 | 96 |
| ശിശു വികസന പ്രോജക്ട് ഓഫീസർ | 8 | 8 | 31,74,662 | 24,88,601 | 78 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 1 | 30,000 | 29,355 | 98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 17 | 16 | 11522659 | 92,06,286 | 80 |
| വ്യവസായ വികസന ഓഫീസർ | 5 | 4 | 33,29,000 | 30,29,000 | 91 |
| | 86 | 75 | 6,10,24,514 | 4,16,09,139 | 68 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-03-2022 തീയതിയിൽ 12.20 PM ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറേക്കൂടി മെച്ചപ്പെടേണ്ടതായിട്ടുണ്ട്. പ്രോജക്ട് നിർവഹണ പുരോഗതി ഭരണ സമിതി യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും മോണിറ്റർ ചെയ്യുന്നില്ലെന്നാണ് മിനട്സ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വരവ്, വിനിയോഗം, നീക്കിയിരിപ്പ് എന്നിവ നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഫണ്ടുകൾ ഏത് ആവശ്യങ്ങൾക്കായി ലഭിച്ചതാണെന്നറിയാനോ, അവയുടെ വിനിയോഗം, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാനോ കഴിയാത്ത അവസ്ഥയാണുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ, കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-8 വാടക ഈടാക്കൽ - അപാകതകൾ

1) മിനി വ്യവസായ കേന്ദ്രം പിണറായി -വാടക നൽകാത്തവർക്ക് എതിരെ നടപടിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി വ്യവസായ കേന്ദ്രത്തിൽ 148- )ാനമ്പർ വർക്ക് ഷെഡ് കൈവശം വെക്കുന്ന ശ്രീമതി ഷിജിന എംപി 2018 ഏപ്രിൽ മുതൽ പ്രസ്തുത കെട്ടിടത്തിന്റെ വാടക ഒടുക്കിയതായി കാണുന്നില്ല. മിനി വ്യവസായ കേന്ദ്രത്തിന്റെ വാടക സംബന്ധിച്ച ബൈലോയിലെ ഇരുപതാം വകുപ്പ് പ്രകാരം മൂന്ന മാസത്തിൽ കൂടുതൽ വാടക കുടിശ്ശിക അനുവദിക്കാൻ പാടില്ലാത്തതാണ്.എന്നാൽ ഇവിടെ ദീർഘകാലം ശ്രീമതി ഷിജിന എംപി എന്നവർ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇവർക്കെതിരെ നാളിതുവരെയായി നിയമ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല

2) അഞ്ചരക്കണ്ടി ഷോപ്പിങ് കോംപ്ലക്സ്

A) അഞ്ചരക്കണ്ടി ഷോപ്പിങ് കോംപ്ലക്സിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മുറി ഹരിതം എന്ന സ്വയം

സഹായ സംഘത്തിന് വാടകയ്ക്ക് നൽകിയിട്ടുണ്ട് . രസീത് നമ്പർ 44 /12-9-18 പ്രകാരം സ്വയം സഹായ സംഘത്തിൽ നിന്നും അഡ്വാൻസ് തുകയായി 12000/- രൂപ ഈടാക്കിയതായി കാണുന്നു . ബ്ലോക്ക് പഞ്ചായത്തിന്റെ ബിപി 164( 1) 18 -19 തീയതി 6/ 3 /19 തീരുമാനപ്രകാരം പ്രസ്തുത റൂമിന് വൈദ്യുതി ലഭിക്കാത്തതിനാൽ വൈദ്യുതി ലഭിച്ചതു മുതൽ വാടക ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട് .എന്നാൽ ഇതിനുശേഷം നാളിതുവരെയായി പ്രസ്തുത സ്വയംസഹായ സംഘം പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല.

B)ഓഡിറ്റ് കാലയളവിൽ റൂമുകൾ ഏതൊക്കെ സംരംഭക ഗ്രൂപ്പുകളാണ് വാടകക്ക് എടുത്തിരിക്കുന്നത് എന്ന വിവരം ഫയലിൽ ലഭ്യമല്ല.

C)റൂമുകൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ സ്ഥാപനത്തിൽ സൂക്ഷിച്ചതായി കാണുന്നില്ല

മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-9 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- തുക കൈപ്പറ്റിയതിന് ശേഷം നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് പ്രകാരം തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠന മുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര്/ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക,/ബിൽ നം,തീയതി | പ്രോജക്ട് നം | നിർമ്മാണം ഏത് സ്റ്റേജിലാണുള്ളത് | ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| ശ്രീ. മനോഹരൻ.കെ , ധർമ്മടം | ₹50,000<br>128/19-20,<br>27-11-2019 | 57/20 | നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. | തുക സർക്കാരിലേക്ക് തിരച്ചടക്കുന്നതിന് ഗുണഭോക്താവിന് നോട്ടീസ് അയച്ചു. |
| ശ്രീ.വിജേഷ്.യു.കെ, അഞ്ചരക്കണ്ടി | ₹50,000<br>147/19-20<br>03-01-2020<br>₹75,000<br>103/20-21<br>03-11-2020 | 57/20<br>64/21 | നിർമ്മാണം അവസാന ഘട്ടത്തിൽ | പഠന മുറി പെട്ടെന്ന് പൂർത്തീകരിച്ച് വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഗുണഭോക്താവിന് നിർദ്ദേശം നല്കി. |

പഠന മുറിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഠന മുറിയുടെ നിർമ്മാണം ആരംഭിക്കാത്ത പക്ഷം അനുവദിച്ച തുക ഗുണഭോക്താവിൽനിന്ന് തിരികെ ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ബ്ലോക്ക് പഞ്ചായത്തിൽ കുടിവെള്ളത്തിന് പൈപ്പ് സ്ഥാപിക്കൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 74/21, ബ്ലോക്ക് പഞ്ചായത്തിൽ കുടിവെള്ളത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ തുക : | 476127/- (വികസന ഫണ്ട്)<br>55786/- (തനത് ഫണ്ട് )<br>531913/- ആകെ |
| ചെലവ് തുക: | 395815/-(വികസന ഫണ്ട്) |
| ബിൽ നമ്പർ, തുക | 978351/22/1/21 -279869/- |

| | |
|---|---|
| | 903760/7/1/21- 7422/-<br>1099517/17/2/21- 108524/- |
| MB NO. | 43/20,36/20 |
| നിർവഹണ ഉദ്യോഗസ്ഥൻ: | അസിസ്റ്റൻറ് എൻജിനീയർ |

പ്രസ്തുത പ്രവർത്തിയിൽ എം ബുക്ക് 43/20 പേജ് ഒന്ന് ഇനം നമ്പർ 1ആയി Dismantling The Existing 10hp Submersible Motor 1 No. എന്ന പ്രവർത്തി പ്രകാരം 10 എച്ച്പി മോട്ടോർ കിണറ്റിൽ നിന്നും കരയിൽ എത്തിച്ച് സെക്ഷൻ സ്റ്റോറിൽ മാറ്റിയതായി പറയുന്നു. പ്രസ്തുത മോട്ടോറിന്റെ പ്രവർത്തനക്ഷമത, പിന്നീട് ഈ മോട്ടോർ എന്തുചെയ്തു എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത മോട്ടോറിന്റെ പ്രവർത്തനക്ഷമതക്കനുസരിച്ച് ആയത് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം ലേല നടപടികളിലൂടെ വിൽപ്പന നടത്തുകയോ ചെയ്യേണ്ടതാണ്

## 1-11 കറവ പശുക്കൾക്ക് കാലിത്തീറ്റ ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഒരേ പ്രോജക്ട് നടപ്പിലാക്കി- ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി നൽകിയോ എന്ന് പരിശോധിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ /പേര് | 23/2021 കറവ പശുക്കൾക്ക് കാലിത്തീറ്റ |
| അടങ്കൽ ₹45,50,000 | 16,75,000 വികസനഫണ്ട് ജനറൽ<br>6,00,000 ധനകാര്യകമ്മിഷൻ അവാർഡ്<br>22,75,000 ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹22,75,000 |
| ബിൽ നമ്പർ തീയതി, തുക | 1/25-08-2020 ₹1,99,200<br>2/23-09-2020 ₹2,18,380<br>05/08-10-2020 ₹4,69,940<br>06/13-10-2020 ₹3,12,480<br>07/13-10-2020 ₹1,54,190<br>09/07-12-2020 ₹1,85,440<br>10/07-12-2020 ₹2,36,625<br>12/22-02-2021 ₹1,17,325<br>13/22-02-2021 ₹1,95,725<br>14/12-03-2021 ₹85,695<br>14/12-03-2021 ₹76,255 |

| | |
|---|---|
| | 14/12-03-2021 ₹23,745 |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ /പേര് | 61/2021കറവപശുക്കൾക്ക് കാലിത്തീറ്റ (SO) |
| അടങ്കൽ ₹ 30,11,905 | 8,79,705 വികസനഫണ്ട് ജനറൽ<br>21,32,200 ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹8,79,705 |
| ബിൽ നമ്പർ തീയതി, തുക | 01/17-04-2020 ₹2,47,500<br>02/17-04-2020 ₹1,46,625<br>03/17-04-2020 ₹72,105<br>04/17-04-2020 ₹1,80,975<br>05/17-04-2020 ₹2,32,500 |

മേൽ പ്രോജക്ടുകൾ പ്രകാരം ക്ഷീരകർഷകർക്ക് കാലിതീറ്റ വാങ്ങിയതിന്റെ തുകയായ ₹22,75,000 +₹8,79,705=₹31,54,705 രൂപ സബ്സിഡി വിഹിതം പിണറായി ക്ഷീരോത്പാദക സഹകരണ സംഘം, അഞ്ചരക്കണ്ടി ക്ഷീരോത്പാദക സഹകരണ സംഘം, പാതിരിയാട് ക്ഷീരോത്പാദക സഹകരണ സംഘം, തലശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം എന്നിവയ്ക്ക് നൽകിയിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സ. ഉ. (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.2.15 പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക ₹10000 ആണ്. ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി തുകയായ 10,000 ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തന്നെ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഇരട്ടിപ്പില്ലാതെ മേൽ പ്രോജക്റ്റ് ഏറ്റെടുക്കാം എന്ന് വ്യകതമാക്കിയിട്ടുണ്ട്. ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്ത് മുഖാന്തിരം ക്ഷീരകർഷകർക്ക് കാലിതീറ്റ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. പിണറായി, അഞ്ചരക്കണ്ടി, വേങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ക്ഷീരകർഷകർക്ക് കാലിതീറ്റ സബ്സിഡി 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/11-03-2022) അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ധർമ്മടം ഗ്രാമ പഞ്ചായത്തിൽ 482125 രൂപയും പിണറായി ഗ്രാമ പഞ്ചായത്തിൽ 443630 രൂപയും , വേങ്ങാട് ഗ്രാമപഞ്ചായത്തിൽ 347600 രൂപയും പഞ്ചായത്ത് വിഹിതമായി കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം ലഭിച്ചവർക്ക് തന്നെയാണോ ബ്ലോക്ക് പഞ്ചായത്ത് മുഖേന സബ്സിഡി നൽകിയതെന്ന് പരിശോധിച്ചിട്ടില്ല. ഇത് കാരണം സബ്സിഡി തുക ഇരട്ടിപ്പിന് സാധ്യതയുണ്ട്. ₹10000ൽ അധികം സബ്സിഡി ഓരോ ഗുണഭോക്താവിനും നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ /പേര് | 22/2021 പാലിന് സബ്സിഡി |
| അടങ്കൽ | ₹ 9,28,534 വികസനഫണ്ട് ജനറൽ |

| | |
|---|---|
| ചെലവ് | ₹ 9,28,534 |
| ബിൽ നമ്പർ തീയതി ( ACR പ്രകാരം), തുക | 120/08-01-2021 ₹50,000<br>121/20-01-2021 ₹,100,000<br>145/20-02-2021 ₹,300,000<br>146/20-02-2021 ₹2,00,000<br>162/09-03-2021 ₹ 28,520<br>187/16-03-2021 ₹ 1,50,014<br>254/30-03-2021 ₹1,00,000 |

പാലിന് സബ്സിഡി നൽകുന്നതിന് വിവിധ ഗ്രാമ പഞ്ചായത്തികൾക്ക് ₹ 9,28,534 ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക ₹ |
|---|---|---|
| 1 | മുഴപ്പിലങ്ങാട് | 50,000 |
| 2 | എരഞ്ഞോളി | 1,00,000 |
| 3 | അഞ്ചരക്കണ്ടി | 3,00,000 |
| 4 | ധർമ്മടം | 2,00,000 |
| 5 | ന്യൂമാഹി | 28,520 |
| 6 | പിണറായി | 1,50,014 |
| 7 | വേങ്ങാട് | 1,00,000 |
| | ആകെ | 9,28,534 |

₹9,28,534വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതും വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

പ്രോജക്ട് പ്രകാരം ₹ 9,28,534 ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹1,00,000 മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ് ബുക്കിൽ കാണിച്ചത്. മുഴുവൻ ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-13 വിവിധ ഉൽപാദന യൂണിറ്റുകൾ - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ /പേര് | 55/2021 വിവിധ ഉൽപാദന യൂണിറ്റുകൾ വനിത |
| അടങ്കൽ | ₹12,00,000വികസനഫണ്ട് ജനറൽ |
| ചെലവ് | ₹12,00,000 |
| ബിൽ നമ്പർ തീയതി (എ സി ആർ പ്രകാരം), തുക | 156/27-02-2021 ₹3,00,000<br>189/16-03-2021 ₹6,00,000<br>192/18-03-2021 ₹3,00,000 |

പ്രോജക്ട് പ്രകാരം സ്നേഹിത ഫ്ലോർ മിൽ, വിഷൻ ഐ ടി സ്വയം സഹായ സംഘം, കെറ്റ്സ് സ്വയം സഹായ സംഘം, റെഡ്സ്റ്റാർ സ്വയം സഹായ സംഘം എന്നിവർക്ക് വിവിധ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ₹3,00,000 വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ റെഡ്സ്റ്റാർ സ്വയം സഹായ സംഘം സംരഭം തുടങ്ങാൻ സാധിക്കാത്തതിനാൽ തുക തിരിച്ചടച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് യൂണിറ്റുകൾക്ക് ധനസഹായം ലഭിച്ചവിവരം പ്രദർശിപ്പിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല.

2- സ. ഉ. (കൈ)11/2018/ത.സ്വ.ഭ.വ തീയതി 29-01-2018 ഖണ്ഡിക 11.3 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രൂപ്പ് സംരഭത്തിന് (വിഷൻ ഐ ടി സ്വയം സഹായ സംഘം, കെറ്റ്സ് സ്വയം സഹായ സംഘം, റെഡ്സ്റ്റാർ സ്വയം സഹായ സംഘം )ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്.

3- ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4- വിഷൻ ഐ ടി സ്വയം സഹായ സംഘം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. വിഷൻ ഐ ടി സ്വയം സഹായ സംഘം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

5- നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെറ്റ്സ് സ്വയം സഹായ സംഘത്തിലെ അംഗങ്ങൾ ആരും തന്നെ ഹാജരായിട്ടില്ല. സന്ദർശന സമയത്ത് ഉണ്ടായിരുന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് സ്വയം സഹായ സംഘം നടത്തിപ്പ് സംബന്ധിച്ച് വിവരങ്ങൾ അറിയില്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാതെയാണ് ആനുകൂല്യം അനുവദിച്ചത്. കെറ്റ്സിന് അനുവദിച്ച തുക സ്വകാര്യസംരംഭത്തിനാണോയെന്ന് പരിശോധിക്കേണ്ടതാണ്. അപാകങ്ങൾ കാരണം 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

7- പ്രോജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/23-03-2022) മറുപടി നൽകിയിട്ടില്ല.

മോണിറ്ററിംഗ് കാര്യക്ഷമമാക്കി ധനസഹായം ലഭിച്ച യൂണിറ്റുകൾ കൃത്യമായി പ്രവർത്തിച്ച് ലക്ഷ്യപ്രാപ്തി നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-14 വിവിധ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി - 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ /പേര് | 59/2021 വിവിധ ഉൽപാദന യൂണിറ്റുകൾ |
| അടങ്കൽ | ₹4,00,000വികസനഫണ്ട് ജനറൽ |
| ചെലവ് | ₹4,00,000 |
| ബിൽ നമ്പർ തീയതി ( എ സി ആർ പ്രകാരം) | 11/11-04-2020 ₹2,00,000<br>36/15-07-2020 ₹2,00,000 |

പ്രോജക്ട് പ്രകാരം ദിശ സ്വയം സഹായ സംഘം, രുചി സ്വയം സഹായ സംഘം എന്നിവർക്ക് വിവിധ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ₹2,00,000 വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് യൂണിറ്റുകൾക്ക് ധനസഹായം ലഭിച്ചവിവരം പ്രദർശിപ്പിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല.

2- സ. ഉ. (കൈ)11/2018/ത.സ്വ.ഭ.വ തീയതി 29-01-2018 ഖണ്ഡിക 11.3 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് രുചി സ്വയം സഹായ സംഘത്തെ തിരഞ്ഞെടുത്തത്.

3- ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം

ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4- സ. ഉ. (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.4 പ്രകാരം പൊതുവിഭാഗത്തിൽ ഗ്രൂപ്പ് സംരംഭങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും മാത്രമാണ് ഏറ്റെടുക്കാവുന്നതെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

5- പ്രോജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/23-03-2022) മറുപടി നൽകിയിട്ടില്ല.

അപാകങ്ങൾ കാരണം ₹400000 ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെ സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി ധനസഹായം ലഭിച്ച യൂണിറ്റുകൾ കൃത്യമായി പ്രവർത്തിച്ച് ലക്ഷ്യപ്രാപ്തി നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-15 ചക്ക സംസ്കരണ യൂണിറ്റ് പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ - 6,40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ<br>തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ /പേര് | 58/2021 ചക്ക സംസ്കരണ മൈക്രോ യൂണിറ്റ് |
| അടങ്കൽ | ₹ 8,29,000വികസനഫണ്ട് ജനറൽ |
| ചെലവ് | ₹ 8,29,000 |
| ബിൽ നമ്പർ തീയതി ( ACR പ്രകാരം) | 13/11-04-2020 ₹4,35,000<br>14/11-04-2020 ₹2,05,000<br>35/15-07-2020 ₹1,89,000 |

പ്രോജക്ട് പ്രകാരം തളിർ സ്വയം സഹായ സംഘം, ഗാലക്സി ചക്ക സംസ്കരണ യൂണിറ്റ് , ബട്ടർഫ്ലൈ ചക്ക സംസ്കരണ യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനായി ₹6,40,000 ധനസഹായവും ചക്ക സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പരിശീലനം നൽകിയതിന് സി.എം.ഡി തിരുവനന്തപുരത്തിന് ₹189000 നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് യൂണിറ്റുകൾക്ക് ധനസഹായം ലഭിച്ചവിവരം പ്രദർശിപ്പിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല.

2- സ. ഉ. (കൈ)11/2018/ത.സ്വ.ഭ.വ തീയതി 29-01-2018 ഖണ്ഡിക 11.3 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് സംരംഭങ്ങളെ തിരഞ്ഞെടുത്തത്.

3- ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4- ബട്ടർഫ്ലൈ ചക്ക സംസ്കരണ യൂണിറ്റിന് ധനസഹായം നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചെങ്കിലും ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5 – ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ പഞ്ചായത്തിന്റെയും, ഭക്ഷ്യ സുരക്ഷ വിഭാഗത്തിന്റെയും ലൈസൻസ് നേടിയിട്ടില്ല.

6- പ്രോജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/23-03-2022) മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ കാരണം 6,40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മോണിറ്ററിംഗ് കാര്യക്ഷമമാക്കി ധനസഹായം ലഭിച്ച യൂണിറ്റുകൾ കൃത്യമായി പ്രവർത്തിച്ച് ലക്ഷ്യപ്രാപ്തി നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-16 വിവിധ ഉൽപാദന യൂണിറ്റുകൾ (വനിത) പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ - ₹ 6,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ<br>തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ /പേര് | 65/2021 വിവിധ ഉൽപാദന യൂണിറ്റ് (വനിത) |

| | |
|---|---|
| അടങ്കൽ | ₹ 12,00,000വികസനഫണ്ട് ജനറൽ |
| ചെലവ് | ₹ 6,00,000 |
| ബിൽ നമ്പർ തീയതി ( ACR പ്രകാരം), തുക | 12/11-04-2020 ₹3,00,000<br>37/15-07-2020 ₹3,00,000 |

പ്രോജക്ട് പ്രകാരം ഹരിതശ്രീ ഹരിത കർമ്മസേന യൂണിറ്റ്, നന്മ സ്വയം സഹായ സംഘം എന്നിവ ആരംഭിക്കുന്നതിനായി ₹6,00,000 ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് യൂണിറ്റുകൾക്ക് ധനസഹായം ലഭിച്ച വിവരം പ്രദർശിപ്പിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല.

2- സ. ഉ. (കൈ)11/2018/ത.സ്വ.ഭ.വ തീയതി 29-01-2018 ഖണ്ഡിക 11.3 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് സംരംഭങ്ങളെ തിരഞ്ഞെടുത്തത്.

3- ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4- സ. ഉ. (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.4 പ്രകാരം കുടുംബ വാർഷിക വരുമാന പരിധി പൊതുവിഭാഗത്തിന് 2,00,000 രൂപയാണ്. എന്നാൽ ഹരിതശ്രീ ഹരിത കർമ്മസേന യൂണിറ്റ് അംഗമായ ശ്രീമതി ടി പി വിനീതയുടെ വാർഷിക വരുമാനം എരഞ്ഞോളി വില്ലേജ് ഓഫീസർ നൽകിയ സർട്ട്ഫിക്കറ്റ് പ്രകാരം 2,16,000 രൂപയാണ്. 18 വയസ്സിനും 60 വയസിനും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതർക്കാണ് ആനുകൂല്യം നല്കേണ്ടതെന്ന വ്യവസ്ഥ പാലിക്കാതെ 11/2017 ൽ ആരംഭിച്ച എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ മെറ്റീരിയൽ റിക്കവറി സെന്ററിലെ ജീവനക്കാർക്കാണ് ഹരിതശ്രീ ഹരിത കർമ്മസേന യൂണിറ്റിന്റെ ഭാഗമായി ആനുകൂല്യം നൽകിയത്. ഹരിക കർമ്മ സേനാംഗങ്ങൾക്ക് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം (മാലിന്യ സംസ്കരണത്തിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്) ലഭിക്കാൻ സാധ്യതയുണ്ട്. തൊഴിൽ രഹിതർക്കാണ് ആനുകൂല്യത്തിന് അർഹതയെന്ന വ്യവസ്ഥ പാലിക്കാതെയാണ് ഹരിത കർമ്മസേന യൂണിറ്റ് അംഗങ്ങൾക്ക് ആനുകൂല്യം നൽകിയത്.

5- പ്രോജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/23-03-2022) മറുപടി നൽകിയിട്ടില്ല.
അപാകങ്ങൾ കാരണം 6,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മോണിറ്ററിംഗ് കാര്യക്ഷമമാക്കി ധനസഹായം ലഭിച്ച യൂണിറ്റുകൾ കൃത്യമായി പ്രവർത്തിച്ച് ലക്ഷ്യപ്രാപ്തി നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-17 ഐ.കെ.എമ്മിന് പ്രവർത്തന ഫണ്ട് വകയിരുത്തൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 1/21 ഐ.കെ.എമ്മിന് പ്രവർത്തന ഫണ്ട് വകയിരുത്തൽ 2020-21 |
| അടങ്കൽ | ₹39,483 വികസനഫണ്ട് (ജനറൽ) |
| ചെലവ് | ₹ 39,483 വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ& തീയ്യതി | 39/2020-21, 07-07-2020 |

മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എമ്മിന്റെ 57047023512 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് 39,483 രൂപ 07-07-2020 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇതേവരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച്,ആയത് പരിശോധനക്കായി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 കൊട്ടാരക്കര-കില സി.എച്ച്.ആർ.ഡി വനിതാ ഹോസ്റ്റലിന്റെ നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 94/21 കൊട്ടാരക്കര-കില സി.എച്ച്.ആർ.ഡി വനിതാ ഹോസ്റ്റലിന്റെ നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നല്കൽ |
| അടങ്കൽ | ₹3,00,000 വികസനഫണ്ട് (ജനറൽ) |
| ചെലവ് | ₹3,00,000 വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ& തീയ്യതി | 62/2020-21, 12-08-2020 |

കിലയുടെ റീജിയണൽ സെന്ററായ കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയിൽ കിലയുടെ അധീനതയിലുള്ള ഭൂമിയിൽ വനിതാ ഹോസ്റ്റലിന്റെ നിർമ്മാണത്തിന് സ.ഉ(സാധാ)-2956/2019/ത.സ്വ.ഭ.വ തീയതി.27-12-2019 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് വിഹിതമായി 3,00,000 രൂപ കില ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-67221319393) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം-17/23-03-2022) വിനിയോഗ സാക്ഷ്യപത്രം ഇതേവരെ ലഭ്യമായിട്ടില്ലെന്നും ലഭിച്ചാലുടനെ പരിശോധനക്കായി ഹാജരാക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ബ്ലോക്ക് ആർ.ആർ.എഫ് കേന്ദ്രം - പ്രോജക്ട് പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 28/21 ബ്ലോക്ക് ആർ.ആർ.എഫ് കേന്ദ്രത്തിൽ മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | ₹13,50,000 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹10,70,665 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ& തീയ്യതി | 159/2020-21, 19-03-2021- ₹7,64,000<br>168/2020-21, 29-03-2021- ₹3,06,665 |

മേൽ പ്രോജക്ട് പ്രകാരം 2020-21 വർഷം 7,64,000രൂപ ചെലവഴിച്ച് ബ്ലോക്ക് ആർ.ആർ.എഫ് കേന്ദ്രത്തിൽ മെഷിനറികൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. 3,06,665 രൂപ ചെലവഴിച്ച് ഇലക്ട്രിക്കൽ വയറിങ്ങ് പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്ക് കണക്ഷൻ ലഭ്യമാക്കി മേൽ പ്രോജക്ട് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7/ 19-03-2022) പ്രോജക്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്. എന്നാൽ സ്ഥലപരിമിതി മൂലം സാധനങ്ങൾ സംഭരിക്കുവാൻ വേണ്ട രീതിയിൽ കഴിയുന്നില്ല എന്നും ഇതിന് പരിഹാരമായി എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ നിന്ന് കുറച്ച് സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടെന്നും,അവിടെ മണ്ണ് നിരപ്പാക്കുന്നതിന് വേണ്ടി മണ്ണ് പരിശോധനക്ക് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നല്കിയിട്ടുണ്ട്. സ്ഥലപരിമിതി പരിഹരിച്ച് പ്രോജക്ട് പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 18.03.2022 | കെ.എസ്.എ./കെ.എൻ.ആർ./സി.7/472/2022 തീയതി: 03.06.2022 |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 4.72 എ | 1998-99 | 40 | കുരുമുളക് കൃഷി വികസനം -വിനിയോഗിക്കാത്ത ചെലവ് | നിലനിൽക്കുന്നു |
| 1999-2000 | 4.72 ബി | 1998-99 | 33 | വില നൽകിയ സി എഫ് ലാമ്പുകൾ ലഭ്യമാക്കാത്തത് | നിലനിൽക്കുന്നു |
| 2011-12 | 2-7 | 2008-09 | 3-4 | പിണറായി ഗ്രാമ പഞ്ചായത്തിലെ വയോജന വിശ്രമകേന്ദ്രം -നിഷ്ക്രിയ ആസ്തി | നിലനിൽക്കുന്നു |

### 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹47952694 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹59551607 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19,40,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3,00,000 | ശ്രീ.സതീശൻ കോടഞ്ചേരി |
| 1-14 | 4,00,000 | ശ്രീ.സതീശൻ കോടഞ്ചേരി |
| 1-15 | 6,40,000 | ശ്രീ.സതീശൻ കോടഞ്ചേരി |
| 1-16 | 6,00,000 | ശ്രീ.സതീശൻ കോടഞ്ചേരി |
| ആകെ | 19,40,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സതീശൻ കോടഞ്ചേരി,വ്യവസായ വികസന ഓഫീസർ | വ്യവസാന വികസന ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, തലശ്ശേരി | 'റോസ്', കോട്ടം, പി.ഒ. മുണ്ടല്ലൂർ പിൻ – 670622 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 2 |
| 2005-06 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 2 |
| 2007-08 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 2 |

| | | |
|---|---|---|
| 2008-09 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 3 |
| 2009-10, 2010-11 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 4 |
| 2011-12. 2012-13 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 4 |
| 2013-14, 2014-15 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 4 |
| 2015-16 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 5 |
| 2016-17 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 4 |
| 2017-18 | കെ എസ് എ /കെ എൻ ആർ /സി 7/1914/2018 തീയതി 5.7.2019 | 12 |
| 2018-19 | കെ എസ് എ /കെ എൻ ആർ /സി 7/1914/2018 തീയതി 5.7.2019 | 22 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ. /സി.7/471/2022 തീയതിഃ 03.06.2022 | 19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ, ജില്ലാ ഓഡിറ്റ് കാര്യാലയം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്‌ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Thalassery Block Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13558552.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 1517.00 |
| 150000000 | Sale & Hire Charges | RP-5 | 33410.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46736063.00 |
| 171000000 | Interest Earned | RP-9 | 4220.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 160344.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 57000.00 |
| 350000000 | Other Liabilities | RP-36 | 28208.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 109520.00 |
| 460000000 | Loans, Advances and Deposits | RP-47 | 822412.00 |
| | Grand total | | 61511246.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3559278.00 |
| 220000000 | Administrative Expenses | RP-12 | 599126.00 |
| 230000000 | Operations & Maintenance | RP-13 | 458287.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8360343.00 |

| | | | |
|---|---|---|---|
| | | | |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16674689.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 137526.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 119781.00 |
| 255000000 | Maintenance Projects | RP-20 | 3450089.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | 229735.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 195728.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 6.00 |
| 340000000 | Deposits Received | RP-34 | 40000.00 |
| 350000000 | Other Liabilities | RP-36 | 22814.00 |
| 410000000 | Fixed Assets | RP-38 | 1045883.00 |
| 412000000 | Capital work in Progress | RP-40 | 10161975.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13883357.00 |
| 460000000 | Loans, Advances and Deposits | RP-47 | 607990.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 1959639.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 61511246.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Thalassery Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 142400.00 |
| 140000000 | Fee & User Charges | I-4(b) | 1517.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 33410.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 42156156.00 |
| 171000000 | Interest Earned | I-8 | 4220.00 |
| | Total Income | | 42337703.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3559278.00 |
| 220000000 | Administrative Expenses | I-11(b) | 599126.00 |
| 230000000 | Operations & Maintenance | I-12(b) | 458287.00 |
| 240000000 | Interest & Finance Charges | I-13 | 6.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9370343.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19033388.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2377811.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 119781.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 60000.00 |
| 255000000 | Maintenance Projects | I-14(e) | 3450089.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| 272000000 | Depreciation | I-17(a) | 1080700.00 |
| | Total Expenditure | | 40113809.00 |
| | Gross Surplus/ Deficit of income over Expenditure | | 2223894.00 |
| 280000000 | Prior Period Item | I-18 | 421735.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1802159.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | Thalassery Block Panchayat BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 22642554.00 |
| 312000000 | Reserves | B-3 | 26481328.00 |
| | Total Reserve & Surplus | | 49123882.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3080431.00 |
| | Total Grants, Contributions for Specific Purposes | | 3080431.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 230581.00 |
| 350000000 | Other Liabilities | B-9 | 6834.00 |
| | Total Current Liabilities and Provisions | | 237415.00 |
| | TOTAL LIABILITIES | | 52441728.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 41324245.00 |
| 411000000 | Accumulated Depreciation | B-11 | -6200832.00 |
| 412000000 | Capital Work in Progress | B-11(a) | 947109.00 |
| | Total Fixed Assets | | 36070522.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 14029347.00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 1959639.00 |
| 460000000 | Loans, Advances and Deposits | B-18 | 382220.00 |
| | Total Current Assets, Loans and Advances | | 16371206.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 52441728.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.